(ബി) ടെണ്ടർ വിളിച്ചതിൽ എസ്റ്റിമേറ്റം പ്രകാരമുള്ള തുകക്ക് വേല ചെയ്യാൻ ആളില്ലാതിരുന്നതുകൊണ്ട്.

കുറഞ്ഞശമ്പളം

*൨൩൪.(൪൯)ശ്രീ.പി. കെ. കുമാരൻ ആചാരി: താഴെപറയുന്ന ചോദ്യത്തിന് ബഹു. ധനകാര്യമന്ത്രി സദയം മറുപടി പറയുമോ:—

(എ) തിരുവിതാംകൂർ കൊച്ചി വിഭാഗത്തെ ശമ്പളത്തെണ്ടു ജീവനക്കാരുടെ കുറഞ്ഞ ശമ്പളം എത്രയാണ്?

ധനകാര്യവും റവന്യൂവും വകുപ്പു (ശ്രീ. എ. ജെ. ജാൺ): കഴിഞ്ഞ പ്രാവശ്യം അസംബ്ലിയിൽ, വ്യ— ൧൯—൪൦–ൽ, ൧൦൯–ാം നമ്പർ ചോദ്യത്തിന് നൽകിയ മറുപടിയിലേക്ക് ബഹു. മെമ്പറുടെ ശ്രദ്ധയെ ക്ഷണിച്ചു കൊള്ളുന്നു.

ലാൻഡുപാളിസി കമ്മിറ്റി റിപ്പോർട്ട്

൨൩൫. (൪൦) ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു. റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ലാൻഡു പാളിസി കമ്മറ്റിയുടെ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തിയിട്ട് എത്ര മാസം ആയിരിക്കുന്നു;

(ബി) ഈ റിപ്പോർട്ട് എഴുതിയുണ്ടാക്കിയ കമ്മറ്റിയുടെ ആവശ്യത്തിനു് ആകെ എത്ര രൂപ ചിലവു ചെയ്തിട്ടുണ്ടു്?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) രണ്ടുമാസം.

(ബി) ൨൭,൩൫൨ രൂപാ ൪ പൈസ.

വിദ്യാഭ്യാസ പരിഷ്കാരം

*൨൩൬. (൪൪) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യത്തിന ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

വിദ്യാഭ്യാസ പരിഷ്കാരം സംബന്ധിച്ചുണ്ടായ ഒത്തുതീർപ്പനുസരിച്ചു് ഐക്യസംസ്ഥാനത്തു് ആകെയുള്ള മാനേജ്മെൻറ് സ്കൂളുകളിൽ (സെക്കൻറി) എത്ര സ്കൂളുകളിൽനിന്നും ഫീസുപിരിവിൻെറ എൺപതു ശതമാനം ഇതിനകം ട്രഷറിയിൽ അടച്ചിട്ടുണ്ടു്?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ൪൨.

POOR HOUSES

*238. [59] **Sri. M. I. Paul:** Will the Hon'ble Finance Minister be pleased to state.—

(*a*) how many poor houses are there in the State managed by the Government also managed by private parties; and which are they;

(*b*) whether there are privately managed poor houses which get any aid from the Government; if so, which are they?

Minister for Finance and Revenue **(Sri. A. J. John):**

(*a*) Managed by State—3; Managed by private parties—54. Separate list attached.

(*b*) Yes, Separate list attached.

LIBRARY ARCHIVES Kerala Legislative Assembly